OASIS
Older Adults Sharing In Service
NEWS BULLETIN
STATE BANK OF INDIA PENSIONER'S ASSOCIATION (KERALA)
KOTTAYAM DISTRICT CENTRE

Vol. 2 Book 6 Regd. No. ER/450/2001 Date:30.06.2020

# സന്ദേശം



**എ. ജയകുമാർ, ജനറൽ സെക്രട്ടറി**
**എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ, കേരള**
**ജൂൺ രണ്ട് 2020**

പ്രിയപ്പെട്ടവരെ,

നീണ്ട എഴുപത് ദിവസങ്ങൾക്ക് ശേഷവും കോവിഡ് സംബന്ധമായ ആശങ്കകൾ വിട്ടൊഴിയാതെ ദിവസങ്ങൾ തള്ളി നീക്കുകയാണ് നാം. ഒരുക്കങ്ങളും മറ്റ് തയ്യാറെടുപ്പുകളും ഒട്ടുമുക്കാലും പൂർത്തിയാക്കിയ ഘട്ടത്തിൽ, അസ്സോസിയേഷന്റെ ചരിത്രപുസ്തകത്തിൽ മുഖ്യമായൊരിടം നേടേണ്ടിയിരുന്ന വാർഷിക സമ്മേളനം അടുത്ത തീയതി പോലും തീരുമാനിക്കാനാവാതെ മാറ്റിവെക്കേണ്ടി വന്നു. നിബന്ധനകൾക്ക് അല്പസ്വല്പം അയവ് അനുവദിച്ചെങ്കിലും 'നോർമൽസി' യിലേക്ക് തിരിച്ചെത്താൻ ഇനിയും പലനാൾ കാത്തിരി ക്കേണ്ടിവരും എന്നതാണ് നിലവിലുള്ള സൂചനകൾ.

വാർഷിക സമ്മേളനം ഇനി എപ്പോൾ, എവിടെ വെച്ച് എന്ന അന്വേഷണങ്ങൾ നിരന്തരം ഞങ്ങൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്നു. എവിടെ വെച്ച് എന്നതിന് നിശ്ചയമായും തൃശൂരിൽ വെച്ച് തന്നെയെന്ന് അറിയിക്കട്ടെ. തീയതി യെക്കുറിച്ച് , മറ്റ് സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത് പിന്നീട് അറിയിക്കുന്നതാണ്.

എല്ലാ പ്രതിസന്ധികൾക്കിടയിലും നമ്മുടെ പ്രവർത്തനങ്ങൾ വളരെ ഊർജസ്വലതയോടെ മിക്കവാറും എല്ലാ ജില്ലാ യൂണിറ്റുകളിലും നടന്ന് വരുന്നു എന്നത് ആവേശവും ആശ്വാസവും നൽകുന്നു. അതിന്റെ പ്രതിഫലനമാണ് കഴിഞ്ഞ മൂന്ന് മാസങ്ങളിൽ ബാങ്കിൽ നിന്നും വിരമിച്ച വലിയൊരു വിഭാഗം സഹപ്രവർത്തകർ സംഘടനയിൽ അംഗത്വത്തിന് അപേക്ഷിച്ചത്. കോവിഡിന്റെ അടച്ച്പൂട്ടൽ തുടങ്ങിയ അന്ന് തൊട്ടു പൂട്ടിയിടേണ്ടിവന്ന നമ്മുടെ *കേന്ദ്ര ഓഫീസ് ജൂൺ ഒന്ന് തുടങ്ങി വീണ്ടും പ്രവർത്തനം തുടങ്ങിയത് തന്നെ കാത്ത് കിടന്ന നൂറിലേറെ അംഗത്വ അപേക്ഷകൾ സംബന്ധമായ പ്രവൃത്തിയി ലേർപ്പെട്ടാണെന്നറിയുക*.

ഇനിയും ഒരുപാട് കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ജനുവരി = മാർച്ച് പാദത്തിലെ നമ്മുടെ ബുള്ളറ്റിൻ, അച്ചടി, തപാൽ സൗകര്യങ്ങളുടെ അഭാവം കാരണം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞില്ല. കോവിഡ്നിബന്ധനകൾക്ക് ഇളവ് വരുത്തിയിരിക്കേ ജനുവരി തൊട്ടു ജൂൺ വരെയുള്ള രണ്ടു പാദങ്ങളിലെ ബുള്ളറ്റിൻ ഒരുമിച്ച് ഒരു 'പ്രത്യേക പതിപ്പായി' ജൂലായ് ആദ്യവാരം ഇറക്കാൻ ഉദ്ദേശിക്കുന്ന വിവരം സന്തോഷ പൂർവ്വം അറിയിക്കുന്നു.

മാറ്റി വെച്ച വാർഷിക സമ്മേളനത്തിൽ അവതരിപ്പിക്കേണ്ടിയിരുന്ന കഴിഞ്ഞ വർഷത്തെ പ്രവർത്തന റിപ്പോർട്ടും വാർഷിക വരവ്ചെലവ് കണക്കുകളും സ്പെഷ്യൽ ബുള്ളറ്റിനിലൂടെ നിങ്ങളേവരിലേക്കും എത്തിക്കാനാണ് ഞങ്ങളുടെ ശ്രമം. അതിലേക്കായി ജില്ലാ സെക്രട്ടറിമാർ കഴിഞ്ഞ വർഷം അവരവരുടെ യൂണിറ്റിൽ നടത്തിയ വിവിധങ്ങളായ പരിപാടികളുടെ വിശദമായ വിവരങ്ങൾ (ഇംഗ്ലീഷിൽ/ മലയാളത്തിൽ) ജൂൺ 15നകം പ്രസിഡന്റിന്റെ / ജനറൽ സെക്രട്ടറിയുടെ പേരിലുള്ള വാട്സാപ്പിലേക്ക് അയക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അതോടൊപ്പം തന്നെ 75/85 വയസ്സ് പൂർത്തിയായ നമ്മുടെ മുതിർന്ന അംഗങ്ങളെ ആദരിക്കൽ 85 വയസ്സ് പൂർത്തിയായവർക്കുള്ള, 5000 രൂപയുടെ നിധി കൈമാറൽ തുടങ്ങിയവും ചെയ്യേണ്ടതുണ്ട്. സംസ്ഥാന കമ്മിറ്റിയും ജില്ലാകമ്മിറ്റികളും കൂടിയാലോചിച്ച് ഇതു സംബന്ധമായ തീരുമാനം എത്രയും വേഗം കൈക്കൊള്ളുന്നതാണ്.

കോവിഡ് വിപത്തിൽ നിന്നും കരകയറി പ്രത്യാശയുടെ നവകിരണങ്ങളിൽ നിന്നും പുതിയ ഊർജം സംഭരിച്ച് വീണ്ടും കർമനിരതമായ

SBI PENSIONERS ASSOCIATION KERALA
KOTTAYAM- DISTRICT CENTRE, MARIYA BHAVAN I FLOOR,KUMARANALLOOR .P.O. KOTTAYAM Pin-686 016
Tel: 0481 25 67 373, Mobile : 9446424407, 9446046899, 9446122245
email: sbipakktym@gmail.com

ദിനങ്ങളിലേക്ക് എത്രയും വേഗം പ്രവേശിക്കാൻ നമുക്ക് കഴിയും എന്ന വിശ്വാസത്തിൽ
അഭിവാദനങ്ങളോടെ,
എ. ജയകുമാർ, ജനറൽ സെക്രട്ടറി
എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ, കേരള

# ലോക പരിസ്ഥിതി ദിനം




എല്ലാ വർഷവും ജൂൺ 5 ആണ് ലോക പരിസ്ഥിതി ദിനമായി ആചരിക്കുന്നത്. പരിസ്ഥിതി പ്രശ്നങ്ങളെ കുറിച്ചുള്ള അവബോധം വരുത്താനും കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യാനുമാണ് പരിസ്ഥിതി ദിനം ആചരിക്കുന്നത്. ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലിയാണ് 1972 മുതൽ ഈ ദിനാചരണം ആരംഭിച്ചത്.

ദിവസേന അന്തരീക്ഷത്തിലെത്തിച്ചേരുന്ന കാർബൺ ഡൈഓക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ്, ക്ലോറോ ഫ്ലൂറോ കാർബണുകൾ എന്നീ വാതകങ്ങളുടെ അളവ് കൂടിക്കൊണ്ടിരിക്കുന്നു. ഇവ ഓസോൺ പാളികളുടെ തകർച്ചയ്ക്കു കാരണമാകുകയും തന്മൂലം ആഗോളതാപനം ഉണ്ടാകുകയും ചെയ്യുന്നു. മരങ്ങളും കാടുകളും സംരക്ഷിക്കുക, വനപ്രദേശങ്ങൾ വിസ്തൃതമാക്കാൻ ശ്രമിക്കുക, അതുവഴി ആഗോള പാരസ്ഥിതിക സന്തുലനവും കാലാവസ്ഥാ സുസ്ഥിരതയും ഉറപ്പാക്കുക എന്നതാണ് പരിസ്ഥിതി ദിനാചരണത്തിന്റെ ലക്ഷ്യം. 'കാർബൺ ന്യൂട്രാലിറ്റി കൈവരിക്കുക വഴി ഓസോൺ വിള്ളലിനു കാരണമാവുകയും ആഗോളതാപനം ഉണ്ടാക്കുകയും ചെയ്യുന്ന ഗ്രീൻ ഹൌസ് വാതകങ്ങൾ പരമാവധി കുറയ്ക്കാനുള്ള ശേഷി കൈവരിക്കുകയുമാണ് ഉദ്ദേശിക്കുന്നത്. മനുഷ്യന്റെ കടന്നുകയറ്റം കൊണ്ട് ഇല്ലാതായിക്കൊണ്ടിരിക്കുന്ന പച്ചപ്പിനെയും താറുമാറായിക്കൊണ്ടിരിക്കുന്ന ആവാസ വ്യവസ്ഥയെയും ഓർമ്മിപ്പിക്കാനായി വീണ്ടും ഒരു പരിസ്ഥിതി ദിനം കൂടി. പരിസ്ഥിതി പ്രശ്നങ്ങളെ കുറിച്ചുള്ള അവബോധം വരുത്താനും കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യാനുമാണ് ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലി 1972 മുതൽ ഈ ദിനാചരണം ആരംഭിച്ചത്.



ഇത്തവണത്തെ പരിസ്ഥിതി ദിനത്തിന് ഒരു പ്രത്യേകതയുണ്ട്. അത് എന്തെന്നാൽ ഈ വർഷത്തെ ലോക പരിസ്ഥിതി ദിനത്തിന്റെ ആതിഥേയ രാജ്യം ഇന്ത്യയാണ് എന്നത് തന്നെയാണ്. മാത്രമല്ല, പരിസ്ഥിതി ദിനത്തിന്റെ മുദ്രാവാക്യം **'പ്ലാസ്റ്റിക് മലിനീകരണത്തെ ചെറുക്കുക'** എന്നതാണ്. കുമിഞ്ഞു കൂടുന്ന പ്ലാസ്റ്റിക് ഉയർത്തുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് ഒരു ഓർമപ്പെടുത്തലാണ് ഇത്തവണത്തെ പരിസ്ഥിതി ദിനം നൽകുന്നത്.



ലോകപരിസ്ഥിതി ദിനത്തിന്റെ ആചരണം ഇന്ത്യയിൽ

# മഴക്കാലം
# വീണ്ടുമെത്തുമ്പോൾ



ആശങ്കകൾ അകലുന്നില്ല! കൊവിഡ് 19 ഭീഷണമായിത്തന്നെ നില നില്ക്കുന്നു. മഴക്കാല രോഗങ്ങളും തുടങ്ങി. ആഗസ്റ്റിൽ മഹാമാരിയും പ്രവചിക്കപ്പെട്ടിട്ടുണ്ട്.

**എങ്കിലും എത്ര സുന്ദരം ഈ മഴക്കാലം!!**

## അഭ്യർത്ഥന




കെ രാജീവൻ, പ്രസിഡന്റ്

പ്രിയപ്പെട്ടവരെ
,
കർശനമായ നിയന്ത്രണങ്ങൾ പാലിക്കുന്നതിനിടയിലും കോവിഡ് 19 മഹാമാരിയുടെ വ്യാപനം സങ്കീർണമായി തുടരുന്നു എന്നതാണ് യാഥാർത്ഥ്യം. പ്രതിരോധ പ്രവർത്തനങ്ങൾ കുടുതൽ ശക്തമാക്കുന്നതോടൊപ്പം തന്നെ ചികിത്സാസൗകര്യങ്ങളും രോഗബാധിതർക്കുള്ള പ്രത്യേക പാർപ്പിട സൗകര്യങ്ങളും കൂടുതലായി തയ്യാറാക്കേണ്ടതിൻറെയും ആവശ്യം മുൻപെന്നത്തേക്കാളും ഏറിവരുന്നു. ഉത്പാദന പ്രക്രിയയിലെ മുരടിപ്പും മാന്ദ്യവും റവന്യൂ വരുമാനത്തിലെ അത്യസാധാരണമായ വീഴ്ചയും സമ്പദ് വ്യവസ്ഥയെ അനുദിനം താഴോട്ടേക്ക് നയിക്കുന്നു. ഈയൊരു പ്രതിസന്ധിയിൽ നമ്മാലാവുന്നത് എന്ന നിലയിലാണ് എസ്ബിഐ ഫൗണ്ടേഷനിലേക്കും CMDRF ലേക്കും സംഭാവന നൽകാൻ നമ്മുടെ അസ്സോസിയേഷൻ മുൻകൈ എടുത്തതും. ഇരുപത്തിനാല് ലക്ഷം രൂപ എസ് ബി ഐ ഫൗണ്ടേഷനിലേക്ക് സംഭാവനയായി നൽകാൻ നമുക്ക് കഴിഞ്ഞതും.

CMDRF ലേക്ക് സംഭാവന നൽകാനുള്ള അവസാന തീയതി ജൂൺ എട്ടായാണ് തീരുമാനിച്ചിരുന്നതെങ്കിലും ചില കാരണങ്ങളാൽ കുറേയധികം അംഗങ്ങൾക്ക് പ്രസ്തുത തീയതിക്കുള്ളിൽ അവരുടെ സംഭാവന അടയ്ക്കാൻ കഴിഞ്ഞില്ലെന്നും അതിനുള്ള അവസരം ഒരിക്കൽ കൂടി നൽകേണമെന്നും അംഗങ്ങൾ ആവശ്യപ്പെട്ടതിനാൽ, പ്രസ്തുത നിർദേശം പരിഗണിച്ച് CMDRF ലേക്കായുള്ള സംഭാവന അസ്സോസിയേഷൻറെ അക്കൗണ്ടിൽ അടയ്ക്കാനുള്ള അവസാന തീയതി ജൂൺ 30 വരെ നീട്ടിയിരിക്കുന്ന വിവരം അറിയിക്കുന്നു

വിശ്വസ്തതയോടെ,
കെ. രാജീവൻ, പ്രസിഡന്റ്
എ. ജയകുമാർ, ജനറൽ സെക്രട്ടറി
SBI പെൻഷനേഴ്സ് അസോസിയേഷൻ കേരള
ജൂൺ പതിനെട്ട്, 2020



## വൈക്കം ഏരിയ കമ്മിറ്റിയുടെ മെമ്പർഷിപ്പ് ക്യാമ്പയിൻ



എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷൻ വൈക്കം ഏരിയ കമ്മിറ്റിയുടെ മെമ്പർഷിപ്പ് ക്യാമ്പയിൻ ജില്ലാ പ്രസിഡൻറ് എം ജി ' രാഘവൻ, വൈക്കം ഏരിയ കമ്മറ്റി കൺവീനർ ശ്രീ.ഡി. കെ.രാജഗോപാൽ എന്നിവരുടെ നേതൃത്വത്തിൽ തലയോലപ്പറമ്പ് കെ.ആർ. ഓഡിറ്റോറിയത്തിൽ വച്ച് നടത്തി.



വൈക്കം ഏരിയാ കമ്മറ്റി അംഗത്വ കാമ്പയിനിൽ നിന്ന്. പുതിയതായി സംഘടനയിൽ ചേർന്ന ശ്രീ. ഇ.ജി. ഗോപാലകൃഷ്ണൻ ശ്രീ.മോഹനൻ ഏരിയാക്കമ്മറ്റി ജോ. കൺവീനർ ശ്രീ.ഡി.കെ. രാജഗോപാൽ എന്നിവരേയും കാണാം.

## പഴയ അളവുകൾ

ഓർമയുണ്ടോ നമ്മുടെ കേരളത്തിന്റെ ഈ പഴയ അളവുകൾ? എന്തായിരുന്നു നമ്മൾ എന്ന് മനസിലാക്കാൻ നമ്മുടെ കുട്ടികളെ ഇത് പരിചയപ്പെടുത്തിക്കൊടുക്കു.

| | | | |
|---|---|---|---|
| കാൽ | ൳ | $\frac{1}{4}$ | 0.25 |
| അര | ൴ | $\frac{1}{2}$ | 0.5 |
| മുക്കാൽ | ൵ | $\frac{3}{4}$ | 0.75 |
| അരക്കാൽ | ൷ | $\frac{1}{8}$ | 0.125 |
| മാകാണി | ൶ | $\frac{1}{16}$ | 0.0625 |
| മുണ്ടാണി | ൸ | $\frac{3}{16}$ | 0.1875 |
| കാലേ മാകാണി | ൳൶ | $\frac{5}{16}$ | 0.3125 |
| കാലേ അരക്കാൽ | ൳൷ | $\frac{6}{16}$ | 0.375 |
| കാലേ മുണ്ടാണി | ൳൸ | $\frac{7}{16}$ | 0.4375 |
| അരേമാകാണി | ൴൶ | $\frac{9}{16}$ | 0.5625 |
| അരേഅരക്കാൽ | ൴൷ | $\frac{10}{16}$ | 0.625 |
| അരേ മുണ്ടാണി | ൴൸ | $\frac{11}{16}$ | 0.6875 |
| മുക്കാലേ മാകാണി | ൵൶ | $\frac{13}{16}$ | 0.8125 |
| മുക്കാലേ അരക്കാൽ | ൵൷ | $\frac{14}{16}$ | 0.875 |
| മുക്കാലേ മുണ്ടാണി | ൵൸ | $\frac{15}{16}$ | 0.9375 |

കടപ്പാട്



കൊറോണാക്കാലത്ത് ഓസ്ട്രേലിയായിൽ കുടുങ്ങിപ്പോയ നമ്മുടെ കോട്ടയം ജില്ലാ വൈസ് പ്രസിഡന്റ് ശ്രീ.വിശ്വനാഥൻ നായർ സുഖമായിരിക്കുന്നു.

# നാം പിന്നിട്ട വഴികൾ

## ഗൃഹാതുരത്വമുണർത്തുന്ന ഓർമ്മകൾ

അലക്സ് മേനാമ്പറമ്പിൽ



ഒരിക്കൽപോലും നാമാരും സ്വപ്നത്തിൽപോലും വിചാരിക്കാത്ത ഒരു ലോക്ഡൗണിൽ എല്ലാത്തിനും അവധി നല്കി വീട്ടിൽ ഇരിക്കുമ്പോൾ നമുക്ക് നമ്മുടെ ചെറുപ്പകാലത്തേക്ക് ഒന്ന് തിരിച്ചു പോയാലോ. 50 വയസ് പിന്നിട്ടവർ മാത്രം (ചിലപ്പോൾ 45 പിന്നിട്ടവർക്കും) വായിക്കുക. കാരണം മറ്റുള്ളവർക്കു ചിലപ്പോൾ വിശ്വസിക്കാൻ കഴിഞ്ഞെന്ന് വരില്ല..

നാം പിന്നിട്ട വഴികൾ, നമ്മുടെ കൊച്ചു കേരളം എത്ര മനോഹരമായിരുന്നു. യഥാർത്ഥത്തിൽ അന്നായിരുന്നു "ദൈവത്തിന്റെ സ്വന്തം നാട്."

*നിങ്ങൾക്കാ പഴയ കാലം ഓർക്കണോ? ഇതൊന്ന് വായിച്ച് നോക്കൂ .....

തെങ്ങുകൾക്കെല്ലാം തടമെടുത്തു വളം ചെയ്യുമായിരുന്നു വർഷാവർഷം..... അതിന്റെ നന്ദിയെന്നവണ്ണം തലപ്പിലേക്ക് കയറാൻ പോലുമാവാത്തവിധം തിങ്ങിക്കായ്ച്ചു പ്രസാദിക്കുമായിരുന്നു അവ. പത്തു സെന്റിൽ നിന്ന് കിട്ടിയ തേങ്ങയിൽ വീട്ടാവശ്യത്തിനുള്ളത് എടുത്ത് ബാക്കി ഉണക്കി കൊപ്രയാക്കി ആട്ടിയ വെളിച്ചെണ്ണ കൊണ്ടു വരുമ്പോൾ ആ പ്രദേശം മുഴുവൻ അറിയുമായിരുന്നു നാളികേര സുഗന്ധം....

തൊഴുത്തിലെപ്പോഴും ഒരു പശുവിനെങ്കിലും കറവ ഉണ്ടാവുമായിരുന്നു. പാലും മോരും തൈരും വെണ്ണയും നെയ്യും അടുക്കളയിലെപ്പോഴും നിറഞ്ഞു നിൽക്കുമായിരുന്നു.

നെല്ലും പയറും മുതിരയും ഉഴുന്നും ഊഴം പോലെ മുറ്റത്തുകിടന്ന് ഉണങ്ങുമായിരുന്നു. അമ്മ വയലിൽ നടുന്ന പച്ചക്കറിക്ക് വെള്ളമൊഴിക്കാനായി കൊത്തിക്കുഴിക്കുന്ന അച്ഛൻ.... ചെറിയ മൺപാത്രങ്ങളിൽ വെള്ളം തൂക്കി നിര നിരയായി ഞങ്ങൾ കുട്ടികൾ ചീരയെയും, കയ്പയെയും, വെണ്ടയെയും നനച്ചിരുന്നു. ഇടയ്ക്കൊക്കെ മൂക്കാത്ത വെള്ളരിയും വെണ്ടക്കയും അമ്മ കാണാതെ പൊട്ടിച്ചു വായിലാക്കിയും...

വൈകുന്നേരം ഒരു പ്രധാന ജോലിയുണ്ട്....!
തലേന്ന് കത്തിച്ചു വെച്ച കരിപിടിച്ച കറുത്ത മണ്ണെണ്ണ വിളക്ക് തുടച്ചു മിനുക്കി വയ്ക്കണം.
അതുകഴിഞ്ഞു കിണറ്റിൻ കരയിൽ ചെന്ന് വെള്ളമെടുത്തു ലൈഫ്ബോയ് സോപ്പും ചകിരിയുമുപയോഗിച്ചുള്ള കുളി......

സന്ധ്യക്ക് വീട്ടിലേക്ക് വരുന്ന അച്ഛന്റെ എവറെഡിഞെക്ക് വിളക്ക് (ടോർച്ച്). കണ്ണിലും മനസ്സിലും അത് തെളിയിക്കുന്ന പറഞ്ഞറിയിക്കാനാവാത്ത അനുഭൂ തിയുടെ, ആത്മബന്ധത്തിന്റെ കരുതൽ സുഖം....

മണ്ണെണ്ണപ്പുക വലിച്ചുകൊണ്ട് അമ്മ ചോറ് തിന്നാൻ വിളിക്കും വരെയുള്ള പുസ്തക വായന.... കൂട്ടിനു വയലിൽ നിന്നുമുള്ള പേക്രോം തവളകളുടെ മേളം..... ഉറങ്ങാനുള്ള തിരക്ക്കൂട്ടൽ......

കാലത്തെണീറ്റാലുടനെ ഉണക്കയിലകൾ കൂട്ടിയിട്ടു കത്തിച്ചു വട്ടം കൂടിയിരുന്നു "തീ കായൽ ..." ആ സമയത്തു മഞ്ഞു വീണു നനഞ്ഞ വൈക്കോൽ ക്കൂനയിൽ നിന്നും വെളുത്ത പുക ഉയരുന്നുണ്ടാകും....

കുളീം ചായ കുടീം കഴിഞ്ഞു. ബസ് വടക്കോട്ട് പോയാൽ ഒൻപതു മണി എന്ന കണക്കിൽ പുസ്തകക്കെട്ടിനു ഇലാസ്റ്റികും വലിച്ചിട്ട് ബട്ടൺ പൊട്ടിയ ട്രൗസറും പിടിച്ചു ഒറ്റ ഓട്ടം സ്കൂളിലേക്ക്......

സ്കൂളീന്ന് തിരിച്ചുവരുമ്പോൾ അടുക്കളയുടെ ഓടിനിടയിൽ നിന്ന് പുകയുയരുന്നത് ദൂരെനിന്ന് കാണുമ്പോഴേ ഉത്സാഹമാണ്. അമ്മ എന്തെങ്കിലും പലഹാരമുണ്ടാക്കുകയോ ഉണക്ക കപ്പയോ, ചേമ്പോ പുഴുങ്ങുകയോ ആവും എന്ന്.....

അതുംകഴിച്ചു കണ്ടത്തിലേക്കോ അടുത്തുള്ള പറമ്പിലേക്കോ ഒരോട്ടമാണ്! പന്ത് കളി, ഗോലി കളി, കിളി കളി, മുതൽ അങ്ങോട്ട് പലതരം കളികളും അഭ്യാസങ്ങളുമായി നേരമിരുണ്ടു വീട്ടിൽനിന്നു വിളി വരുന്നതുവരെ......

പലതരം കച്ചവടക്കാർ, എല്ലാവരും വർഷങ്ങളായി വീടുകളുമായി ബന്ധമുള്ളവർ. ഓട്ടുപാത്രങ്ങൾ തലയിലേറ്റി കൊണ്ടുവരുന്ന ആളുകളും, വിഷു ആവുമ്പോഴേക്കും മൺപാത്രങ്ങൾ വലിയ കൊട്ടകളിൽ കൊണ്ടുനടന്ന് വിറ്റ് പകരം നെല്ലോ പയറോ വാങ്ങി പോകുന്ന സ്ത്രീകളും. തഴപ്പായ നെയ്ത് വർഷാവർഷം പറയാതെ തന്നെ വീട്ടിൽ കൊണ്ടു തന്നിരുന്ന അമ്മൂമ്മയും...,കൂട്ടനിറയെ കുപ്പിവളകളും കണ്മഷിയും മറ്റുമായി വന്നിരുന്ന വളക്കച്ചവടക്കാരും..., കെട്ടുകാരൻ എന്ന് വിളിക്കപ്പെട്ടിരുന്ന, ആഴ്ചകൾ തോറും വന്നിരുന്ന തുണിക്കച്ചവടക്കാരനും. അവരൊക്കെ ആ സംസ്കൃതിയുടെ ഓരോ ഭാഗങ്ങളായിരുന്നു......

അന്നൊക്കെ ആർക്കും ആരെയും സംശയമോ അകൽച്ചയോ ഭയമോ ഉണ്ടായിരുന്നതായി കണ്ടിട്ടില്ല. വീടുകൾക്ക് മതിലുകളില്ലായിരുന്നു....

ആളുകൾ എല്ലാ പറമ്പുകളിലൂടെയും വീട്ടുവളപ്പുകളിലൂടെയും യഥേഷ്ടം വഴി നടന്നിരുന്നു.... എല്ലാം എല്ലാവരുടെയും സ്വന്തമാണെന്ന തോന്നലായിരുന്നു.....

അരിയായാലും തേയിലയായാലും ചുറ്റുമുള്ള വീടുകളിൽ എവിടെയെങ്കിലും ഉണ്ടായാൽ മതിയായിരുന്നു. എല്ലാവർക്കും അതിലവകാശം ഉണ്ടായിരുന്നു. വീട്ടിലെ കറിക്ക് രുചിയില്ലെങ്കിൽ പാത്രവുമെടുത്ത് അയലക്കത്തേക്ക് ഒറ്റയോട്ടമായിരുന്നു...... എവിടുന്നും എപ്പോഴും ഭക്ഷണമോ വെള്ളമോ വാങ്ങിക്കഴിച്ചിരുന്നു. പ്രത്യേകിച്ച് എന്തെങ്കിലും പാകം ചെയ്താൽ ഓരോ ഓഹരി അയൽവീടുകളിലും എത്തിയിരുന്നു.....

കുരുത്തക്കേട് കണ്ടാൽ മുതിർന്നവർക്കും അദ്ധ്യാപകർക്കും തല്ലാനും ശാസിക്കാനും ആരുടെ മക്കളാണെന്ന് നോക്കേണ്ട ആവശ്യമില്ലായിരുന്നു..... മക്കൾ എല്ലാവര്ക്കും മക്കളായിരുന്നു.....

അടുത്ത വർഷം വരെ മനസ്സിൽ തങ്ങിനില്ക്കാൻ പാകത്തിൽ കൊല്ലത്തിലൊന്നോ രണ്ടോ പ്രാവശ്യം മാത്രം ലഭിച്ചിരുന്ന, മാസ്മരിക ഗന്ധം തീർത്തു മനസ്സിലും ശരീരത്തിലും കുടിയേറിയിരുന്ന കോടി ഉടുപ്പുകൾ.....

മുറ്റത്തുനിന്നു മുല്ലയും കനകാംബരവും പറിച്ചു കോർത്ത മാലയുടെ ഗന്ധം ഇന്നും മനസ്സിലുണർത്തുന്നു... തൊടികളിൽ നിന്നും ഇടവഴികളിൽ നിന്നും കുന്നിൻ പറമ്പുകളിൽ നിന്നും പൂക്കൾ പറിച്ച് താളിലയിൽ പൊതിഞ്ഞു കൊണ്ടുവച്ചു പൂക്കളങ്ങളുണ്ടാക്കിയ കാലം..... പിന്നീടെങ്ങോ പൊയ്മറഞ്ഞ മനോഹരമായ ആ കാലം....
ഇടയ്ക്കൊക്കെ വെറുതെയിരിക്കുമ്പോൾ അതിങ്ങനെ മനസ്സിൽ വന്ന് പതിയെ വിളിക്കും.....
ഒന്ന് കണ്ണടച്ചു കൊടുത്താൽ മതി.....!
നമ്മളെയുമെടുത്ത് അങ്ങ് പറക്കും.
കാലങ്ങൾക്ക് പിറകിലോട്ട്. ..........................!!

## ബഷീറിന്റെ ശുപാർശക്കത്ത്!!

**വൈക്കം മുഹമ്മദ് ബഷീർ 1982ൽ കോഴിക്കോട് ബേപ്പൂർ എസ്.ബി.ഐ. മാനേജർക്ക് കൊടുത്തുവിട്ട ശുപാർശ കത്ത്. റിട്ടയേർഡ് എസ്.ബി.ഐ. മാനേജർ സ്നേഹപ്രകാശ് ഒരു നിധി പോലെ സൂക്ഷിച്ചത്...... ജെയിംസ് . റ്റി. വർഗീസ് വാട്ട്സാപ്പിൽ ഫോർവേർഡ് ചെയ്തത്. (താഴെ)**


Vaikom Muhammad Basheer



# എന്റെ കോറോണേ....

ടോമി ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ട്



**ടോമി ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ട്**

ദൈവകോപമെന്ന് വിശ്വാസി;
ദൈവമില്ലെന്നുറപ്പായെന്ന് അവിശ്വാസി;
മർത്യരക്ഷയ്ക്കായ് പ്രാർത്ഥിക്കുന്നുണ്ടെന്ന് മതം;
ദൈവത്തെയാദ്യം രക്ഷിക്കൂവെന്ന് യുക്തിവാദി.

മുമ്പേ അറിഞ്ഞിരുന്നെന്ന് പ്രവാചകർ;
മുമ്പേ പറയാഞ്ഞതെന്തെന്ന് നിഷേധികൾ;
ശനിയുടെ അപഹാരമെന്ന് ജ്യോതിഷി;
പൂജചെയ്ത് കുടത്തിലാക്കാമെന്ന് മന്ത്രവാദി.

കൊന്നുതിന്നതിന്റെ ശാപമെന്ന് സസ്യഭോജി;
ശാപമില്ലാത്തോർക്കും വന്നില്ലേയെന്ന്
മാംസഭോജി.

ഓർമയിലേയില്ലെന്നു പഴമക്കാർ;
ഓർക്കാനേ വയ്യെന്ന് ഭീരു;
മരണമാണ് ഭേദമെന്ന് മനോരോഗി;
ഇതും കടന്നു പോകുമെന്ന് തത്വജ്ഞാനി;
എന്തും നേരിടുമെന്ന് ധീരൻ.

ഒരു ചുക്കും ചെയ്യുന്നില്ലെന്ന് പ്രതിപക്ഷം;
നിങ്ങളാണെങ്കിൽ നാടു ചുക്കായേനെയെന്ന്
ഭരണപക്ഷം.

പരിസ്ഥിതിക്ക് ഉപകാരമെന്ന് നിരീക്ഷകർ;
പ്രകൃതിയിലേക്കു മടങ്ങാറായെന്ന്പ്രകൃതി സ്നേഹി;
ആത്മീയത മാത്രമാണഭയമെന്ന് ആത്മാന്വേഷകൻ;
വിർച്ചൽ ലോകമാണ് യാഥാർഥ്യമെന്ന് ടെക്കി.

ചികിത്സയില്ലെന്ന് വൈദ്യം;
ലേശം കഴിച്ചാൽ വരില്ലെന്ന് മദ്യശാസ്ത്രത്തിലു
ണ്ടെന്ന് മുക്കുടിയൻ;
ചൂടിൽ പെരുകില്ലെന്ന് ഉച്ചവട്ടൻ.
'മഹാഭാരത'ത്തിൽ പണ്ടേ മരുന്നുണ്ടെന്ന് ഒരു
മരത്തലയൻ;
ചെലവ് കൂടുമെങ്കിലും വാക്സിൻ ഉടനെന്ന്
ശാസ്ത്രം;
വെറും പത്തുരൂപയുടെ സോപ്പിൽ തീർക്കാമെന്ന്
ട്രോളൻ.

പറയാത്ത ചെടിയുടെ അറിയാത്ത വേര്
സമൂലം വെച്ച് കഴിച്ചാൽ മതിയെന്ന് പ്രശസ്ത
യൂട്യൂബ് വൈദ്യൻ, മഠയോധാരൻ.

അന്തിചർച്ചയിൽ കൊഞ്ഞനം കുത്തി കൊന്നു
കാണിക്കാമെന്ന് മാധ്യമങ്ങൾ;
മുറിയടിച്ചിരുന്ന് നേരിടാമെന്ന് സ്റ്റേറ്റ്;
അതിർത്തികൾ അടച്ച് തുരത്തുമെന്ന് രാജ്യങ്ങൾ.

ചൈനയുടെ കെണിയെന്ന് ട്രംപ്;
ഞങ്ങടെ വൈറസ് ഇങ്ങനല്ലെന്ന് ചൈന!
ട്രംപിന് ഭ്രാന്തെന്ന് ലോകം;
നടുവിൽ നട്ടം തിരിഞ്ഞ് മനുഷ്യർ.

എങ്കിലും എന്റെ കോറോണേ,
ഇത്തിരി കുഞ്ഞൻ നീ മറഞ്ഞിരുന്നു കാണിക്കുന്ന
മായാജാലമൊന്നും കാണിച്ചിട്ടില്ല,
ഒരു മാന്ത്രികനും ഭൂമിയിലിന്നോളം!!.





# കൊറോണാക്കാല പ്രാർത്ഥന

## രാജു ഇലക്കാടൻ

(1)

ചാവിൻ നിഴലിൽ
നോവിൻ നടുവിൽ
കാവൽ ദൈവമേ നീ മാത്രം
ആവൽ ദിനങ്ങളിലാശ്വാസമതായ്
കേവലം നിൻ കൃപയതു മാത്രം

വല്ലഭനേ സൗഖ്യദായകനേതിരു
വചനം ശാന്തി സന്ദായകമേ
വ്യാധികളൊഴിയും ആധികളകലും
വരമായ് തിരുകൃപയരുളീടിൽ

എന്നറയിൽ ഞാൻ ഖിന്നതയേറി
മൗനിയായ് തിരുമുഖം തേടുന്നു
പാരിൽ പടരും മാരക വ്യാധികൾ
പാടെ നീക്കാൻ നീശക്തൻ

ഇരവിൻ ഭയവും പകൽ പാറുമമ്പും
മാരകമാം മഹാമാരികളും
മാറും ദൈവമേ നീ കൃപ ചെയ്താൽ
തീരും ദുരിതം ആമയവും

(കൊറോണാക്കാലത്ത് നമ്മുടെ മെമ്പർ എബ്രഹാം .ഇ. മാത്യു (രാജു ഇലക്കാടൻ )എഴുതിയ പ്രാർത്ഥനാ ഗാനം.)

# മനുഷ്യർ പണമില്ലാതെ (കറൻസി) ജീവിച്ചിരുന്ന കാലം



പി.പി.ഫിലിപ്പ്

കറൻസി കണ്ടു പിടിക്കുന്നതിനു മുമ്പുള്ള ബാർട്ടർ യുഗത്തേക്കുറിച്ചല്ല പറയുന്നത്. ഈ അടുത്ത കാലം വരെ, എന്നു വച്ചാൽ ' 1950 കൾ വരെ കൈയ്യിൽ പണമില്ലാതെ തന്നെ നമ്മുടെ ഈ ഐശ്വര്യ കേരളത്തിൽ ആർക്കും ജീവിക്കാൻ കഴിയുമായിരുന്നു .ജീവിക്കുവാൻ വേണ്ടി പണം കൊടുത്തു വാങ്ങേണ്ടിയിരുന്ന സാധനങ്ങൾ വിരളമായിരുന്നു അന്ന്. വായു, വെള്ളം, ഒരു പരിധി വരെ ആഹാരവും അന്നൊക്കെ ആർക്കും എവിടെ നിന്നും എടുത്ത് ഉപയോഗിക്കാമായിരുന്നു. പണം കൊടുത്ത് വെള്ളം വാങ്ങി കുടിക്കേണ്ടി വരുന്ന ഒരു കാലത്തേ കുറിച്ച് 50 വർഷം മുമ്പുള്ള മനുഷൻ സ്വപ്നം കണ്ടിട്ടില്ല. വിശക്കുന്ന മനുഷ്യർ ഭക്ഷണ സമയത്ത് ഏത് അയൽ വീട്ടിൽ കയറി ചെന്നാലും ഭക്ഷണം തീർചയായും കിട്ടുമായിരുന്നു. ചിലർ ഭക്ഷണം കിട്ടണം എന്ന ലക്ഷ്യത്തിൽ എന്തെങ്കിലും അടുക്കള പണിയൊ കന്നുകാലി ശുശ്രൂഷയോ ചെയ്തു കൊടുക്കും. പണിതീരുമ്പോൾ വയറുനിറയെ ആഹാരവും വീട്ടിലുള്ള കുഞ്ഞുക്കൾക്കുള്ള ആഹാരം കൊണ്ടു പോകാനും കിട്ടുമായിരുന്നു. 1950കളിലും അതിനു മുമ്പും പണം ഇല്ലാതിരുന്നതുകൊണ്ടു വിശക്കുകയോ ദാഹിക്കുകയോ ചെയ്യേണ്ടി വന്ന മനഷ്യർ ഇല്ലാതിരുന്ന ഒരു നാടായിരുന്നു നമ്മുടേത്. രണ്ടു പേർക്കു കഴിക്കാനുള്ള ആഹാരം വീട്ടിൽ എപ്പോഴും ശേഷിച്ചിരിക്കണമെന്ന് നല്ല അമ്മമാർക്ക് നിർബന്ധമുണ്ടായിരുന്നു. ചോറു കലം കഴുകി കമഴ്ത്തി വയ്ക്കുന്നത് ഐശ്വര്യമല്ല പോലും..

അന്നു പ്രതിഫലമായി മനുഷ്യർക്ക് വേണ്ടിയിരുന്നത് പണമല്ലായിരുന്നു. പ്രതിഫലമായി കൊടുക്കാൻ ആരുടെ കൈയ്യിലും പണമില്ലായിരുന്നു. പ്രതിഫലമെല്ലാം കാർഷികവിഭവങ്ങൾ തന്നെ ആയിരുന്നു. കൂലിയായി നെല്ല്, അരി, കപ്പ, കരുമുളക്, ഇഞ്ചി ഇത്തരം സാധനങ്ങൾ തന്നെ കൊടുക്കുകയായിരുന്നു. ഇന്നത്തെ ഓൺലൈൻ വ്യാപാരത്തേക്കാൾ മെചപ്പെട്ട, 'ഡോർ ഡെലിവറി ' സിസ്റ്റം അന്നുണ്ടായിരുന്നു വീട്ടിൽ വേണ്ട എല്ലാ സാധനങ്ങളും ചട്ടി, കലം, പണിയായുധങ്ങൾ മീൻ ....... എല്ലാം തലച്ചുമടായി വീട്ടിൽ എത്തുമായിരുന്നു. മാംസം കഴിക്കാൻ മാത്രം കോഴി, മുയൽ, പന്നി കന്നുകാലി കിടാങ്ങൾ എല്ലാം വീടുകളിൽ തന്നെ സുലഭമായി ഉണ്ടായിരുന്നു. ഒരു കോഴി കൊല ഒരോ വീട്ടിലും ഒരു മേള തന്നെ ആയിരുന്നു . അന്നു കൂലിക്കു കൊടുത്തിരുന്നത് പണമല്ലായിരുന്നു. വിവിധ കാർഷികവിഭവങ്ങൾ തന്നെയായിരുന്നു. കർഷകർ ചന്തയ്ക്കു പോയിരുന്നത് ഒന്നും വാങ്ങാനല്ലായിരുന്നു. വില്ക്കാനായിരുന്നു. ചന്തയിൽ നിന്നും വിലയായി അല്പം പണം കിട്ടിയേക്കും. നല്ല (തല) ചുമട്ടുകാർ എന്നൊരു വിഭാഗം പണിക്കാർ തന്നെ അന്നുണ്ടായിരുന്നു.

അരിയും നെല്ലും കപ്പയും വിത്തിനങ്ങളും, എന്തിനു കന്നുകാലി തിന്നേണ്ട വൈക്കോൽ വരെ അയൽ വീട്ടുകാർ തമ്മിലോ ബന്ധുക്കൾ തമ്മിലൊ വായ്പ വാങ്ങുകയാണ് പതിവ്... വിസ്താര

ഭയത്താൽ നീട്ടുന്നില്ല .. ചക്രം പോയി അണ വന്നു. അണ പൊയി പൈസ വന്നു.. പൈസയുടെ വരവു വരെ നമ്മുടെ പൂർവികർക്ക് ഒരു പൈസ കൈയ്യിലില്ലാതെ വീടുകളിൽ സുഖമായി കഴിയാൻ പറ്റുമായിരുന്നു... പാവങ്ങൾ ആണെങ്കിൽ പോലും... ഇന്നു 60 വയസെത്തിയവർക്കു വരെ ഇതു നന്നായി മനസിലാവും.. അവർക്ക് ഒരുപാട് ഓർമ്മകൾ വരും... പുന്നാര കൊച്ചു മക്കൾക്ക് ഇതു നമുക്ക് പറഞ്ഞു കൊടുക്കേണ്ടേ... ? നമ്മൾ വെറും അപരിഷ്കൃത പഴഞ്ചമാർ എന്നവർ ധരിക്കേണ്ട.!.




## അർബൻ സഹകരണ ബാങ്കുകൾ ആർ.ബി.ഐ നിയന്ത്രണത്തിലേയ്ക്ക്

നിക്ഷേപകരുടെ സുരക്ഷ മുൻനിർത്തി അർബൻ സഹകരണ ബാങ്കുകളിൽ റിസർവ് ബാങ്ക് നിയന്ത്രണം കൊണ്ടുവരുന്നതിനായി ഓർഡിനൻസ് കൊണ്ടുവരുവാൻ കേന്ദ്ര മന്ത്രി സഭാ യോഗത്തിൽ തീരുമാനമായി. അഹാരാഷ്ട്രയിലെ പഞ്ചാബ് ആന്റ് മഹാരാഷ്ട്ര അർബൻ സഹകരണ ബാങ്കിലെ (പി.എം.സി. ബാങ്ക്) വായപ്പത്തട്ടിപ്പുകളുടെ പശ്ചാത്തലത്തിൽ ആർ. ബി.ഐ നിയന്ത്രണം കൊണ്ടുവരുന്നതിന് ബാങ്കിംഗ് നിയന്ത്രണ നിയമം ഭേദഗതി ചെയ്യാനുള്ള ബിൽ 2020 മാർച്ചിൽ പാർലമെന്റിൽ അവതരിപ്പിച്ചിരുന്നെങ്കിലും കൊവിഡിനെത്തുടർന്ന് പാസ്സാക്കാൻ കഴിഞ്ഞിരുന്നില്ല. രാജ്യത്ത് മൊത്തം 1482 അർബൻ ബാങ്കുകളും പല സംസ്ഥാനങ്ങളിൽ സാന്നിദ്ധ്യമുള്ള 58 സഹകരണ ബാങ്കുകളും ഉണ്ട്. ഇവയിലാണ് ആർ.ബി.ഐ നിയന്ത്രണം വരുന്നത്.

## മ്യൂച്വൽ ഫണ്ട് നിക്ഷേപകരുടെ രക്ഷക്കായി പണപ്പെട്ടി തുറന്ന് ആർ.ബി.ഐ.

ഫ്രാങ്ക്ളിൻ ടെംപിൾട്ടൺ അവരുടെ 36000 കോടി രൂപയുടെ ആറ് സ്കീമുകൾ നിർത്തലാക്കിയതിന് തൊട്ട് പിന്നാലെ ആർ.ബി.ഐ. 50000 കോടി രൂപയുടെ സഹായ പദ്ധതി പ്രഖ്യാപിച്ചു.

## വിദേശ നാണ്യ കരുതൽ ശേഖരത്തിൽ ഇന്ത്യ ലോകത്ത് അഞ്ചാം സ്ഥാനത്ത്

വിദേശ നാണ്യ കരുതൽ ശേഖരത്തിൽ* വൻ വർദ്ധന. 2020 ജൂൺ 12ന് 507.6 ബില്ല്യൺ ഡോളറായി റിക്കോർഡ് വർദ്ധനയാണ് ഉണ്ടായിട്ടുള്ളത്. ($507.6B)

*Forex reserves are assets in the form of gold, special drawing rights (SDRs), foreign currency assets (FCA) and reserve positions in the IMF, which are held by the nation's central bank.



## സ്റ്റേറ്റ് ബാങ്ക് വായ്പ്പകളുടെ അടിസ്ഥാന പലിശ നിരക്ക് 7.00% ആക്കി.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, മാർജിനൽ കോസ്റ്റ് ഓഫ് ഫണ്ട് അധിഷ്ഠിത വായ്പകളുടെ അടിസ്ഥാന പലിശ നിരക്ക് 25 ബേസിസ് പോയിന്റ്* കുറച്ചു. നിലവിലെ പലിശ നിരക്ക് 7.25% ആണ്. ഇത് 0.25% കുറച്ച് 7.00% ആക്കി. ഇതോടൊപ്പം എം.സി.എൽ.ആർ. (Marginal Cost-Based Lending Rates) കുറച്ച് എല്ലാത്തരം വായ്പ്പകൾക്കും ബാധകമാക്കി. ഇത് ജൂൺ 10–ാം തിയതി മുതൽ പ്രാബല്യത്തിൽ വന്നു. എല്ലാ വായ്പകൾക്കും പലിശ നിരക്ക് കുറയും.

(*1 basis points/bps = 0.01 per cent).

OASIS
Older Adults Sharing In Service

## എസ്.ബി.ഐ. റെക്കോർഡ് ലാഭത്തിലേയ്ക്ക്

### 2019–20 ലെ ലാഭം 14,488 കോടി രൂപ

.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ 2019–20 ലെ നാലാം പാദത്തിലെ ലാഭം 3580.81 കോടി രൂപ. മൊത്തം ലാഭം 14,488 കോടിയിലെത്തി. ഇത് ബാങ്കിന്റെ ചരിത്രത്തിലെ റെക്കോർഡ് നേട്ടമായി. മൊത്തം നിഷ്ക്രിയ ആസ്തി 6.12 % ആയി കുറഞ്ഞു. കിട്ടാക്കടത്തിനായി നീക്കിവച്ച തുക 13,495 കോടി രൂപയാണ്.

## രാജ്യത്തിന്റെ റേറ്റിംഗ് കുറച്ച് മൂഡീസ്

മൂഡീസ് ഇൻവെസ്റ്റ്മെന്റ് സർവീസ് രാജ്യത്തിന്റെ റേറ്റിംഗ് ‘ബി.എ.എ.2’ എന്ന നിലയിൽ നിന്ന് ‘ബി.എ.എ.3’ എന്ന നിലയിലേയ്ക്ക് താഴ്ത്തി. കുറഞ്ഞ സാമ്പത്തിക വളർച്ചയും ധനസ്ഥിതിയും കണക്കിലെടുത്താണ് റേറ്റിംഗ് തഴ്ത്തിയത്. ലോകത്തെ പ്രമുഖ റേറ്റിംഗ് ഏജൻസിയാണ് മൂഡീസ് ഇൻവെസ്റ്റ്മെന്റ് സർവീസ് ..

**ആവശ്യഘട്ടത്തിൽ യാത്രക്ക് മുൻപ് ബസ് സർവീസ് നടത്തുന്നുണ്ടോ എന്ന് ഡിപ്പോകളിൽ വിളിച് അന്വേഷിക്കുക.**

### KSRTC Bus Stations

1 ADOOR 0473-4224764
2 ALAPPUZHA 0477-2251518
3 ALUVA 0484-2624242
4 ANAYARA 0471-2749400
5 ANKAMALI 0484-2453050
6 ARYANAD 0472-2853900
7 ARYANKAVU 0475-2211300
8 ATTINGAL 0470-2622202
9 BANGALORE 0802-6756666
10 CHADAYAMANGALAM 0474-2476200
11 CHALAKUDY 0480-2701638
12 CHANGANASSERY 0481-2420245
13 CHATHANNUR 0474-2592900
14 CHENGANOOR 0479-2452352
15 CHERTHALA 0478-2812582
16 CHITOOR 0492-3227488
17 EDATHUVA 0477-2215400
18 EENCHAKKAL 0471-2501180
19 ERATTUPETTAH 0482-2272230
20 ERNAKULAM 0484-2372033
21 ERUMELY 0482-8212345
22 GURUVAYOOR 0487-2556450
23 HARIPPAD 0479-2412620
24 IRINJALAKKUDA 0480-2823990
25 KALPETTA 0493-6202611
26 KANHANGAD 0467-2200055
27 KANIYAPURAM 0471-2752533
28 KANNUR 0497-2707777
29 KARUNAGAPALLY 0476-2620466
30 KASARAGOD 0499-4230677
31 KATTAKADA 0471-2290381
32 KATTAPPANA 0486-8252333
33 KAYAMKULAM 0479-2442022
34 KILIMANOOR 0470-2672217
35 KODUNGALOOR 0480-2803155
36 KOLLAM 0474-2752008
37 KONNI 0468-2244555 (
38 KOOTHATTUKULAM 0468-2253444
39 KOTHAMANGALAM 0485-2862202
40 KOTTARAKKARA 0474-2452622
41 KOTTAYAM 0481-2562908
42 KOZHIKODE 0495-2723796
43 KULATHUPUZHA 0475-2318777
44 KUMALY 0486-9224242
45 MALA 0480-2890438
46 MALAPPURAM 0483-2734950
47 MALLAPALLY 0469-2785080
48 MANANTHAVADY 0493-5240640
49 MANNARGHAT 0492-4225150
50 MAVELIKARA 0479-2302282
51 MOOLAMATTOM 0486-2252045
52 MOOVATTUPUZHA 0485-2832321
53 MUNNAR 0486-5230201
54 NEDUMANGAD 0472-2812235
55 NEDUMKANDAM 04868-234533
56 NEYYATINKARA 0471-2222243
57 NILAMBUR 04931-223929
58 NORTH PARAVUR 0484-2442373
59 PALA 0482-2212250
60 PALAKKAD 0491-2520098
61 PALODE 0472-2840259
62 PAMBA 0473-5203445
63 PANDALAM 0473-4255800
64 PAPPANAMCODE 0471-2494002
65 PARASSALA 0471-2202058

66 PATHANAMTHITTA 0468-2222366
67 PATHANAPURAM 0475-2354010
68 PAYYANUR 0498-5203062
69 PERINTHAMANA 0493-3227342
70 PEROORKADA 0471-2433683
71 PERUMBAVOOR 0484-2523416
72 PIRAVOM 0485-2265533 (24 x 7)
73 PONKUNNAM 0482-82213
74 PONNANI 0494-2666396
75 POOVAR 0471-2210047
76 PUNALUR 0475-2222626
77 PUTHUKKADU 0480-2751648
78 RANNI 04735-225253
79 SULTHAN BATHERY 0493-6220217
80 THALASSERY 0490-2343333
81 THAMARASSERY 0495-2222217
82 THIRUVALLA 0469-2602945
83 THIRUVAMBADY 0495-2254500
84 THODUPUZHA 0486-2222388
85 THOTTILPALAM 0496-2566200
86 THRISSUR 0487-2421150
87 TVM CENTRAL 0471-2323886
88 TVM CITY 0471-2575495
89 VADAKARA 0496-2523377
90 VADAKKANCHERy 0492-2255001
91 VAIKOM 0482-9231210
92 VELLANAD 0472-2884686
94 VENJARAMOODU 0472-2874141
95 VIKASBHAVAN 0471-2307890
96 VITHURA 0472-2858686
97 VIZHINJAM 0471-2481365

# എസ് ബി ഐ പെൻഷനേഴ്സ അസോസിയേഷൻ

## കോട്ടയം യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മറ്റി യോഗം മാറ്റിവച്ചു

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ 2020 ജൂൺ മാസത്തിലെ ഭരണ സമിതി യോഗം കോവിഡ് 19 ന്റെ ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ മൂലം ജൂലൈ മാസം ആദ്യ വാരത്തിലേയ്ക്ക് മാറ്റിവച്ചിരിക്കുന്ന വിവരം അറിയിച്ചു കൊള്ളുന്നു.



പുതിയ തിയതി ലോക്ക് ഡൗൺ പിൻവലിക്കുന്ന മുറയ്ക്ക് അറിയിക്കുന്നതായിരിക്കുമെന്ന് ജില്ലാ സെക്രട്ടറി ശ്രീ.പി.എം.ജേക്കബ്ബ് അറിയിച്ചു. **കൊറോണയ്ക്കെതിരെ ജാഗരൂകരായിരിക്കുവാൻ അദ്ദേഹം അംഗങ്ങളോട് അഭ്യർത്ഥിച്ചു.**

## പുതിയ കോട്ടയം ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ.വി.സുരേഷിന് ഊഷ്മള സ്വീകരണം.



**എസ്.ബി.ഐ.പെൻഷനേഴ്സ് അസ്സോസിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രം ഭാരവാഹികൾ എസ്.ബി.ഐ. മാനേജ്മെന്റുമായി നടത്തിയ ത്രൈമാസ ചർച്ചാ യോഗത്തിൽ നിന്ന്.** പുതിയതായി **ചാർജെടുത്ത കോട്ടയം** അഡ്മിനിസ്ട്രേറ്റിവ് ഒഫീസ് മേധാവി ഡെ.ജനറൽ മനേജർ ശ്രീ.വി.സുരേഷിനെ **കോട്ടയം ജില്ലാ പ്രസിഡന്റ് എം.ജി.രാഘവൻ ബൊക്കെ നല്കി സ്വീകരിക്കുന്നു.** ഡെ.ജനറൽ **സെക്രട്ടറി ശ്രി.മാത്യു അടയ്ക്കാമുണ്ടക്കൻ, ജില്ലാ സെക്രട്ടറി ശ്രീ.പി.എം.ജേക്കബ്ബ് എന്നിവരേയും കാണാം..**



കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഓഫീസിൽ 26.06.2020 ന് നടന്ന ത്രൈമാസ സ്ട്രക്ചേർഡ് മീറ്റിംഗ് ഉത്ഘാടനം ചെയ്ത് സംസാരിക്കുന്ന ഡ. ജനറൽ മാനേജർ ശ്രീ. വി .സുരേഷ്.

## യാത്രയയപ്പ്

എസ്.ബി.ഐ. നൂറനാട് ശാഖയിലെ മൊത്തം ജീവനക്കാരും ചേർന്ന് ശ്രീമതി. ആർ.സീതാല ക്ഷ്മിയമ്മയ്ക്ക് ഒരുക്കിയ യാത്രയയപ്പ് സമ്മേള നത്തിൽ നിന്ന്. എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ സംഘടനയിലേയ്ക്ക് സീതാലക്ഷ്മിയമ്മയെ ക്ഷണിക്കുന്നു.



നൂറനാട് ശാഖയിലെ ശാഖയിലെ ശ്രീമതി. ആർ.സീതാലക്ഷ്മിയമ്മ, ശ്രീ.എം.ബഷീർ എന്നിവരുടെ യാത്രയയപ്പ് വേളയിലെടുത്ത ചിത്രം



മാവേലിക്കര ആർ.ബി.ഒയിൽ നിന്നും റിട്ടയർ ചെയ്ത ചീഫ് മാനേജർമാരായ ശ്രീ. ആർ. ഹരികുമാർ, ശ്രീ.നാരായണ നായിക് എന്നിവ രുടെ യാത്രയയപ്പ് വേളയിലെടുത്ത ചിത്രം



അറുനൂറ്റിമംഗലം ശാഖയിൽ നിന്നും റിട്ടയറായ ശ്രീ. ഇ. ജി. ഗോപാലകൃഷ്ണന്റെ യാത്രയയപ്പ് വേളയിലെടുത്ത ചിത്രം.



കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഒഫീസിൽ നിന്നും വിരമിച്ച ചീഫ് മാനേജേഴ്സ് ശ്രീ.കൃഷ്ണമൂർത്തി, ശ്രീമതി.സെലിൻ വർഗീസ്, ശ്രീ.വിജയൻ എന്നി വരുടെ യാത്രയയപ്പ് സമ്മേളനത്തിൽ നിന്ന്. ശ്രീ.അലക്സ് മണ്ണൂരാമ്പറമ്പിലിന്റെ പക്കൽ നിന്നും ചെക്കുകൾ ഏറ്റുവാങ്ങുന്ന വേളയിലെടുത്ത ചിത്രം.




കലവൂർ ശാഖയിൽ നിന്നും നീ 36 വർഷത്തെ സേവനത്തിന് ശേഷം വിരമിച്ച ശ്രീമതി.ഉമാദേവിയുടെ യാത്രയയപ്പ് ചടങ്ങിൽ നിന്ന്. ആശംസകൾക്ക് മറുപടി പറയുന്ന ഉമാദേവി.

*മനസിന്റെ കടലാഴങ്ങളിൽ*
*ആഴ്ന്നിറങ്ങിയ പ്രിയ മിത്രമേ....*
*പിരിഞ്ഞു പോവുന്നു നീ*
*നീണ്ട കുറെ വർഷങ്ങൾ*
*സത്യത്തിന്റെ, ധർമ്മത്തിന്റെ -*
*അളവുകോൽ തെറ്റിക്കാതെ*
*നിന്റെ ജോലി തീർത്തു*
*പടിയിറങ്ങുമ്പോൾ...*
*എന്റെ ഹൃദയത്തിൽ നിന്നും*
*നീമായുന്നില്ല, മറയുന്നില്ല*
*ഒരുപൂവിരിയുമ്പോൾ*
*സുഗന്ധമായ് നിന്റെ സൗഹൃദം*
*നിറഞ്ഞു തുളുമ്പുന്നു*
*വെങ്കിലും...*
*നിനക്ക് നൽകുന്നു പിരിഞ്ഞു*
*പോവുമീ വേളയിൽ*
*ഹൃദയത്തിൽ നിന്നൊരായിരം*
*മംഗളാശംസകൾ*

**ചെറിയാൻ വർഗീസ് 9447132132**

## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ ഭരണ സമിതി യോഗം മാറ്റിവച്ചു

**കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ** ഭരണ സമിതി യോഗം കോവിഡ് 19 ന്റെ നിയന്ത്രണങ്ങൾ മൂലം ജൂൺ മാസം 12-ാം തിയതി വെള്ളിയാഴ്ച **പരിമിതമായ അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ** നടത്തി. **അത്യാവശ്യ തീരുമാനങ്ങളും ജി.ഡി.സി.എസ്. നറുക്കെടുപ്പും നടത്തി പിരിഞ്ഞു.**

## ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2020 ജൂൺ മാസത്തിലെ നറുക്കെടുപ്പ് 12-ാം തീയതി വെള്ളിയാഴ്ച 11.30ന് നടന്നു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

1. **25000 രൂപായുടെ കുറി – വട്ടമെത്തി**
2. **25,000 രൂപായുടെ കുറി – വട്ടമെത്തി**
3. **50,000 രൂപായുടെ കുറി – (71)** ശ്രീമതി. ത്രേസ്യാമ്മ ആന്റണി
4. **100,000 രൂപായുടെ കുറി –(81)** ശ്രീ.പി.എം. ജേക്കബ്ബ്
5. **100,000 രൂപായുടെ കുറി** –(9) ശ്രീ. എം.ജെ. വർഗീസ്.
6. **100,000 രൂപായുടെ കുറി –**(143) **ശ്രീ. കെ.റ്റി. ജോസഫ്, മാന്നാർ**
7. 100,000 രൂപായുടെ കുറി – (163) ശ്രീ. എ.സി.തോമസ്

**ക്ലെയിം ഫോം ഇവിടെനിന്നു അയച്ചു തരുന്നതായിരിക്കും . അത് പൂരിപ്പിച്ച് ഒപ്പിട്ട് തിരിച്ചയച്ചുതരുക. കഴിവതും ആരും ഓഫീസിൽ സന്ദർശനം നടത്താതിരിക്കുക . കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണിയെ വിളിക്കുക.**

## പുതിയ അംഗങ്ങൾ

### എ ക്ലാസ്

**താഴെ കൊടുത്തിട്ടുള്ള നാല് "എ" ക്ലാസ് അംഗത്വത്തിനുള്ള അപേക്ഷകൾ പരിഗണി**

ച്ചതിൽ നാലിനും "എ" ക്ലാസ്സ് അംഗത്വം നല്കുന്നതിന് തീരുമാനമായി. പുതിയ അംഗങ്ങൾ:–

1. കെ.എസ്.മറിയം,തുരുത്തേൽപറമ്പിൽ, അതിരമ്പുഴ
2. ഇ.ജി.ഗോപലകൃഷ്ണൻ കൃഷ്ണവിഹാർ, മേവെള്ളൂർ
3. വി.എൻ.മോഹനൻ, കൃഷ്ണവിഹാർ, മേവെള്ളൂർ
4. ജോർജ്ജ് മാത്യു, മറ്റക്കോട്ടിൽ അതിരമ്പുഴ

## സി ക്ലാസ്സ്

കൂടാതെ ഇനിപ്പറയുന്ന ആറ് പേർക്ക് സി ക്ലാസ്സ് അംഗത്വവും അനുവദിച്ചു.

1. അജിൻ തോമസ് ടോമി,
2. സരോജിനി തങ്കപ്പൻ
3. തങ്കമ്മ പീറ്റർ
4. സുധാ രാജഗോപൽ
5. ശൈലജ.ആർ.
6. സജിത മോഹൻ

## നവാഗതർക്ക് സ്വാഗതം!

## എട്ടാമത്തെ 1,00,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്നു

എട്ടാമത്തെ 1,00,000 രൂപായുടെ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്ന വിവരം സന്തോഷപൂർവം അറിയിക്കുന്നു. കുറച്ച് പേർക്ക് കൂടി ചേരുവാൻ അവസരമുണ്ട്.

## ഒൻപതാമത്തെ 25,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്നു

25000 രൂപയുടെ ഒന്നും രണ്ടും കുറികൾ വട്ടമെത്തുന്ന സാഹചര്യത്തിൽ ചെറിയ സംഖ്യയുടെ ജി.ഡി.സി.എസ് തുടർന്നും നടത്തണമെന്ന അംഗങ്ങളുടെ ആവശ്യം പരിഗണിച്ച് 25,000 രൂപ സലയുള്ള ഒരു ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കു കയാണ്. വട്ടമെത്തുന്ന കുറിയിൽ അംഗങ്ങളാ യിരുന്നവർക്ക് തുടർന്ന് പോകുവാൻ അവസരം. ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ്ആപ്പ് നമ്പറിൽ **9446322416** ബന്ധപ്പെടുക.


ശ്രീമതി. ത്രേസ്യാമ്മ ആന്റണി

## വായനക്കാർ എഴുതുന്നു........




അസോസിയേഷൻ ദരിദ്രർക്കും താഴ്ന്നവർക്കുമെതിരെ മുഖം തിരിക്കില്ലെന്ന് പറയുമ്പോൾ ഞങ്ങളുടെ, പഴയ പെൻഷനർമാരുടെ, ദുരവസ്ഥയും ഓർക്കണം. പുതിയ പെൻഷൻകാർക്ക് പെൻഷനായി നല്ലൊരു തുക ലഭിക്കുമ്പോൾ അതേ കേഡറിലെ ഈ പഴയ പെൻഷൻകാർക്ക് അവരുടെ പെൻഷന്റെ പകുതി മാത്രമേ ലഭിക്കൂ. ഈ പാവപ്പെട്ട പെൻഷൻകാർക്ക് അവരുടെ തുച്ഛമായ പെൻഷനുമായി അവരുടെ ദൈനംദിന ചെലവുകൾ പോലും നിറവേറ്റാൻ പ്രയാസമാണ്. ഈ പുതിയ പെൻഷൻകാർ പോസ്റ്റുചെയ്ത ഗ്രൂപ്പിലെ ഒരു മാസത്തെ പെൻഷന്റെ രസീത് ഗ്രൂപ്പിൽ കാണുമ്പോൾ, അസോസിയേഷന്റെ കളക്ഷൻ അക്കൗണ്ടിലേക്ക് ഒരു ദിവസത്തെ പെൻഷൻ പോലും സംഭാവന ചെയ്യാൻ കഴിയാത്തതിൽ അവർ തങ്ങളുടെ വേദന പങ്കിടുന്നു .അത്തരത്തിലുള്ള ഒരു പെൻഷനർ സംഭാവന നൽകാത്തതിനാൽ അസോസിയേഷൻ അദ്ദേഹത്തെ ഒറ്റപ്പെടുത്തുമോ എന്ന് എന്നോട് ചോദിച്ചതിന്റെ വേദനാജനകമായ അനുഭവം എനിക്കുണ്ടായിരുന്നു. അദ്ദേഹത്തെപ്പോലെ ആയിരക്കണക്കിന് പെൻഷൻ കാർ നമ്മുടെ സംസ്ഥാനത്തുണ്ട്. ഞങ്ങളുടെ മുതിർന്ന പൗരന് നിലവിലെ അവസ്ഥയെക്കുറിച്ച് നന്നായി അറിയാമെന്നും അസോസിയേഷൻ നേതൃത്വത്തിന്റെ യാതൊരു അഭ്യർത്ഥനയും

കൂടാതെ CMDRF ലേക്ക് സംഭാവന ചെയ്യുമെന്നും എനിക്ക് ഉറപ്പുണ്ട്.

എന്നിരുന്നാലും, സിഎംഡിആർഎഫിനും പിഎം കെയറിനുമായി ശേഖരണം തുടരാൻ അസോസിയേഷൻ തീരുമാനിക്കുകയാണെങ്കിൽ, അത് ഫോളോ അപ്പ് അല്ലെങ്കിൽ ടാർഗെറ്റ് ഇല്ലാതെ പൂർണ്ണമായും സ്വമേധയാ ആയിരിക്കണം. kknsbi@yahoo.co.in **91 8594055507**

## സി.എം.ഡി.ആർ.എഫിലേയ്ക്ക് ഉദാരമായി സംഭാവന നല്കണം

## രാജാകുറുപ്പ്, വൈസ് പ്രസിഡന്റ്

**SBIPAK:** കണ്ണൂർ SBI Pensioners Association Kerala യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി മെംബറായ കെ.വി. കോമളവല്ലി അയച്ച ഒരു സന്ദേശം താഴെ കൊടുക്കുന്നു. ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം ചരിത്രത്തിൽ പോലും കേട്ടുകേൾവി ഇല്ലാത്ത മാരകമായ ഒരു പകർച്ചവ്യാധിയുടെ പിടിയിലാണ് ഇന്ന് ലോകം. മിക്കവാറും എല്ലാ ലോക രാഷ്ട്രങ്ങളെയും പിടിച്ചുകുലുക്കി കോവിഡ് 19 ന്റെ വാഴ്ച രണ്ടു മാസം പിന്നിടുകയാണ്. അതിസമ്പന്ന രാജ്യങ്ങൾ പോലും കുന്നു കൂടുന്ന മൃതദേഹങ്ങൾക്കു മുന്നിൽ സ്തബ്ധരും നിസ്സഹായരുമായി നിൽക്കുകയാണ്. ഇന്ത്യയിലെ ആദ്യത്തെ കോവിഡ് കേസ് റിപ്പോർട്ട് ചെയ്യപ്പെട്ടത് കേരളത്തിലാണ്.



രാജാകുറുപ്പ്, വൈസ് പ്രസിഡന്റ്

ചൈനയിലെ വൂഹാനിൽ നിന്നും വന്ന ഒരു മെഡിക്കൽ വിദ്യാർത്ഥിനിക്കാണ് ആദ്യം രോഗബാധ ഉണ്ടായത്. അന്താരാഷ്ട്ര ഏജൻസികളുടെ നിഗമനമനുസരിച്ച് 80 ലക്ഷം പേരിലേക്ക് കേരളത്തിൽ ഇത് പടരുമെന്നാണ് നേരത്തെ തന്നെ അറിയിച്ചിരുന്നത്. എന്നാൽ സാമൂഹിക അകലം പാലിച്ചും ഐസോലേഷൻ കർശനമാക്കിയും കേരള സർക്കാരും ആരോഗ്യ വകുപ്പും നടത്തിയ കഠിന പരിശ്രമങ്ങളിലൂടെ രോഗത്തിന്റെ വ്യാപനത്തെയും രോഗബാധ മൂലമുള്ള മരണത്തെയും ചെറുത്ത് തോൽപ്പിച്ച് ഒരു ലോക മാതൃക സൃഷ്ടിച്ചിരിക്കയാണ് കേരളം. പ്രാഥമിക തലം മുതലുള്ള പൊതുജനാരോഗ്യ മേഖല ശക്തമാക്കി അതിനെ സംരക്ഷിച്ചു കൊണ്ടാണ് ഈ നേട്ടം കൈവരിക്കാനായത്. ലോകത്തിന്റെ എല്ലാ കോണുകളിൽ നിന്നും കേരളത്തിന്റെ കോവിഡ് പ്രതിരോധത്തെ അഭിനന്ദിക്കുകയാണ്. ലോക്ഡൗൺ തീരുന്നതോടെ അഞ്ചു ലക്ഷത്തോളം മലയാളി സഹോദരങ്ങൾ അന്യ രാജ്യങ്ങളിൽ നിന്നായി ഇങ്ങോട്ട് വരാൻ കാത്തു നിൽക്കുകയാണ്. വൻകിട ക്വാറന്റൈന്റെനും ഐസോലേഷനും പരിശോധനയും ചികിത്സയും ആവശ്യമായി വരും. കേരളത്തിന്റെ നേട്ടങ്ങൾ പിടിച്ചു നിർത്തണമെന്നുണ്ടെങ്കിൽ എല്ലാവരുമാന മാർഗ്ഗങ്ങളും അടഞ്ഞ നമ്മുടെ നാടിനെ നാം തന്നെ സഹായിച്ചേ മതിയാകൂ. മിക്കവരും ഒരു ദിവസത്തെ പെൻഷൻ വിഹിതം പ്രധാനമന്ത്രിയുടെ പി.എം. കെയർ ഫണ്ടിലേക്ക് സംഭാവന ചെയ്തിട്ടുണ്ട്. നമ്മുടെ നേട്ടങ്ങൾ ഉറപ്പിച്ചു നിർത്താനും ഇനിയുള്ള വ്യാപനം തടയാനും കോവിഡ് വൈറസിനെ കീഴടക്കാനും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ആകാവുന്നത്ര സംഭാവന നൽകാൻ നമ്മൾ തയ്യാറാവണം. പണവും സമ്പാദ്യവും സ്വത്തുക്കളുമെല്ലാം ഒരു വൈറസിനു മുന്നിൽപ്പോലും എത്ര നിസ്സാരമാണ് എന്ന് തെളിയിക്കപ്പെട്ട നാളുകളാണ് കടന്നു പോകുന്നത്. അതു കൊണ്ട് CMDRF ലേക്ക് ഉദാരമായി എല്ലാവരും സംഭാവന ചെയ്യാനുള്ള ഒരു തീരുമാനം എടുക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.
കെ വി കോമളവല്ലി, റിട്ട. ചീഫ് അസോസിയേറ്റ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കണ്ണൂർ

## കൊറോണാക്കാലത്തെ യോഗങ്ങൾ മുടങ്ങാതിരിക്കാൻ

We have been under lockdown/ lockdown with relaxations/ mandatory guidelines for movement etc., for the past three months. As such, the most affected are the Senior Citizens and extant guidelines recommend that those OVER 65 should avoid travel/ movement outside unless there is an emergency.



ക്യാപ്റ്റൻ.പ്രേം.ജി.നാഥ്, അസി. ജനറൽ സെക്രട്ടറി

The daily escalation of COVID cases only means that most probably we are in for a protracted period of restricted life style at least for another SIX months or till the END of 2020. May be beyond. Should not we give serious thought to our functioning as ALL of us fall into the Senior Citizens category with quite a few of us in the PLUS 65 category? The way of conducting of all periodical meetings like the following:

a. AGMs  b. District Meetings
c. Area Meetings  d. Structured Meetings

The mode for conducting the above in accordance with laid down extant guidelines has to be reworked. The emphasis should be on Video Conferencing which permits meetings without physical participation.

Request we give serious thought to the above so that we are prepared.

ക്യാപ്റ്റൻ. പ്രേം.ജി.നാഥ്, അസി. ജനറൽ സെക്രട്ടറി

## ചൈനയ്ക്ക് തിരിച്ചടിയായി കേന്ദ്ര സർക്കാർ തീരുമാനം



ടിക്ക് ടോക്കും സൂമും ഉൾപ്പെടെ 52 ചൈനീസ് ആപ്പുകൾ കേന്ദ്രം നിരോധിയ്ക്കുന്നു. നടപടി ഉടൻ. Source : "ഈസ്റ്റ് കോസ്റ്റ് ഡെയ്ലി" via Dailyhun
പ്രവർത്തകരുടെ ശ്രദ്ധക്ക്

## ഹെൽത്ത് അസിസ്റ്റ്/ഹെൽത്ത് കെയർ മെഡിക്കൽ ഇൻഷുറൻസ് സംബന്ധമായ കാര്യങ്ങൾ വിരൽത്തുമ്പിൽ

### വിഡാൽ ഹെൽത്ത് ഇൻഷുറൻസ് റ്റി.പി.എ (പ്രൈവറ്റ്)ലിമിറ്റെഡ് whatsapp വഴിയും അവരുടെ പോർട്ടൽ വഴിയും



ഡെ.ജനറൽ സെക്രട്ടറി ശ്രീ.മാത്യു അടയ്ക്കാമുണ്ടക്കൽ

**A. വാട്സാപ്പ് വഴി ലഭ്യമാക്കാൻ എന്ത് ചെയ്യണം?**

1) 022 48926099 നമ്പരിലേയ്ക്ക് ഒരു മിസ്ഡ് കാൾ ചെയ്യുക
2) അവരുടെ ഒരു മെസ്സേജ് വരും
3) Vidal ന്റെ. mob no 9513330000 contact ഇൽ save ചെയ്യുക

വാട്സാപ്പ് വഴി എന്തൊക്കെ സൗകര്യങ്ങൾ?

1) E കാർഡ് ലഭിയ്ക്കാൻ ECARD എന്ന് TYPE ചെയ്യുക
2) ബിൽ കൊടുത്തതിന്റെ സ്ഥിതി CLAIM എന്ന് type ചെയ്യുക
3) അന്വേഷണങ്ങൾ QUERY എന്ന് ടൈപ്പ് ചെയ്യുക

**B. പോർട്ടൽ വഴി**

google ഇൽ VIDAL HEALTH INSURANCE TPA എന്ന് ടൈപ്പ് ചെയ്യുക
അല്ലെങ്കിൽ
:https://tips.vidalhealthtpa.com/vidalhealth/index.htm
ഹോം പേജിൽ മുകളിൽ വലതുവശത്തു കാണുന്ന ബോക്സിൽ user ഐഡി യും pw കൊടുക്കുക
LOGIN : >Employee login >user id : SBI3555555
PW ; PF/HRMS NO
pw മാറ്റാൻ ആവശ്യപ്പെടും കുറഞ്ഞത് 8 എണ്ണം ഉണ്ടാവാകണം. അതിൽ ക്യാപിറ്റൽ അക്ഷരം ചെറിയ അക്ഷരം $/&/@ symbol പിന്നെ അക്കം ഉദാ : Sankar@1960. site ഇൽ നിന്ന് ഈ കാർഡ് ലഭിയ്ക്കും

എന്തൊക്ക ചെയ്യാം

1) ഓൺലൈൻ മെഡിക്കൽ ക്ലെയിം വെയ്ക്കാം
2) ക്ലെയിമിന്റെ സ്ഥിതി അറിയാം
3) ഹോസ്പിറ്റൽ ലിസ്റ്റ് അറിയാം
4) E Card generate ചെയ്യാം

ചില കേസിൽ ഇത് കിട്ടാതെ error കാണിക്കുന്നുണ്ട്. അവരുടെ data base മായി വ്യത്യാസം എന്ന് കാണിയ്ക്കും.

മിസ്ഡ് കാൾ കൊടുത്തു കഴിയുമ്പോൾ വരുന്ന മെസ്സേജ് താഴെ കൊടുത്തിരിക്കുന്നു

"Hello,

Vidal health insurance TPA PVT LTD welcomes you to a new way of staying in touch with us. Save this whatsApp number to reach us anytime, as per your convenience. You may choose to reply with any of the following options -
To get your Ecard:
Type <ECARD>

To know your PreAuth status:
Type <PREAUTH>

To know your claim status:
Type <CLAIM>

## എസ്.ബി.ഐ.ഹെൽത്ത് കെയർ മെഡിക്കൽ ഇൻഷുറൻസ് പോളിസി

പുതിയ റ്റി.പി.എ. ആയിട്ട് വിഡാൽ ഹെൽത്ത് ഇൻഷുറൻസിനെ നിയമിച്ചതായി Anand Rathi Kerala Head Sri Abhilash Varma അറിയിച്ചിട്ടുണ്ട്. താമസിയാതെ ഇൻഷുറൻസ് ഐഡി അയച്ചു തുടങ്ങും. ഇടക്ക് ആർക്കെങ്കിലും ആശുപത്രിയിൽ ചികിത്സയ്ക്ക് ക്യാഷ്‌ലെസ്സ് ആവശ്യം വരുകയാണെങ്കിൽ ഓരോ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിലും പോസ്റ്റ് ചെയ്തിരിക്കുന്ന വിഡാൽന്റെ റെപ്രെസെന്ററ്റീവ്: Ms. Akshaya Lalichen Mob. No. 7994654806 ബന്ധപ്പെടുക. കൂടാതെ ഡെ.ജനറൽ സെക്രട്ടറി ജോസഫ് പാലക്കൽ(DGS)നെ സമീപിക്കാവുന്നതാണ്.



എറണാകുളം ഡെ.ജനറൽ സെക്രട്ടറി ജോസഫ് പാലക്കൽ - 9447048602

## എസ്.ബി.ഐ. പാലാരിവട്ടം ബ്രാഞ്ച് മാറ്റി സ്ഥാപിച്ചു



എസ്.ബി.ഐ. പാലാരിവട്ടം ബ്രാഞ്ച് റിനായ് മെഡിസിറ്റി ഹോസ്പിറ്റലിന് അടുത്ത പരിസരത്തേയ്ക്ക് മാറ്റി സ്ഥാപിച്ചു തുറന്ന ചടങ്ങിൽ വിളക്ക് തെളിയിക്കുന്ന നമ്മുടെ എറണാകുളം ഡെ. ജനറൽ സെക്രട്ടറി ശ്രീ.ജോസഫ് പാലക്കൻ.



# കണ്ണീർ പ്രണാമം!!!

## നിര്യാതനായി




ബഹുമുഖ പ്രതിഭ എന്ന വിശേഷണം ആത്മാർത്ഥതയോടെ ചേർത്തുപറയാവുന്ന അപൂർവങ്ങളിൽ അപൂർവമായ വ്യക്തിത്വമാണ് ശ്രീ വീരേന്ദ്രകുമാർ. ജയപ്രകാശ് നാരായണനിലൂടെയും ഡോക്ടർ ലോഹ്യയിലൂടെയും സോഷ്യലിസ്റ്റ് സരണിയിലൂടെ അചഞ്ചലമായി നിരന്തരം ജനാതിപത്യ മൂല്യങ്ങൾക്കും മതേതര സംരക്ഷണത്തിനുവേണ്ടിയും മരണംവരെ പോരാടിയ രാഷ്ട്രീയ പ്രവർത്തകനാണ്. വയനാട്ടിലെ സമ്പന്ന ജന്മി കുടുംബത്തിൽനിന്ന് സാധാരണക്കാരിലേക്ക് ഇറങ്ങി വന്ന് അവന്റെ ദുഃഖങ്ങളും വേദനകളും മനസിലാക്കി അവന്റെ അവകാശങ്ങൾക്കുവേണ്ടി നിലകൊണ്ട നിസ്വാർത്ഥനായ രാഷ്ട്രീയ പ്രവർത്തകൻ. വിശ്വ സംസ്കാരത്തെയും വിപുലമായ ദാർശനിക സാഹിത്യ പൈതൃകങ്ങളെയും അതിന്റെ അന്തസാരസത്യങ്ങൾ ചരിത്രത്തിന്റെയും ജീവിതത്തിന്റെയും അനുഭവങ്ങളിലൂടെ മനനം ചെയ്ത് മനസിലാക്കിയ നിസീമമായ പാണ്ഡിത്യത്തിന്റെ ഉടമ. വായനാട്ടിൽനിന്ന് അമേരിക്കയിൽ പോയി ഉന്നത വിദ്യാഭ്യാസം നേടിയ വ്യക്തി, രാഷ്ട്രീയക്കാരൻ, ജനപ്രതിനിധി, കേന്ദ്ര മന്ത്രി, പത്രപ്രവർത്തകൻ, എഴുത്തുകാരൻ എന്നിങ്ങനെ അദ്ദേഹം കൈ വെക്കാത്ത മേഖലകളില്ല. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ കാലീകവും കാലാതീതവുമായ സത്യത്തിന്റെ ദാർശനിക വെളിച്ചവും കലയുടെ അനവദ്യ സൗന്ദര്യവും നൽകുന്നവയാണ്.

അടിയന്തരാവസ്ഥകാലത്ത് തന്റെ കോടികണക്കിനുള്ള സ്വത്തുക്കൾ സർക്കാർ കണ്ടുകെട്ടിയപ്പോഴും ജയിലിൽ അടച്ച് പീഡിപ്പിച്ചപ്പോഴും തലകുനിക്കാതെ ജനാധിപത്യത്തിനുവേണ്ടി നിലകൊണ്ട ധീര പോരാളി. നാല്പത്തെട്ടു മണിക്കൂർകൊണ്ട് മന്ത്രിസ്ഥാനം വലിച്ചെറിയാനുള്ള ത്യാഗസന്നദ്ധത കാണിച്ച രാഷ്ട്രീയക്കാരൻ. ശ്രീ എം പി വീരേന്ദ്രകുമാർ നമ്മുടെ അഭിമാനമാണ്. ജനതക്ക് മുഴുവനും പ്രകാശം പരത്തുന്ന മഹാദാർശനിക വെളിച്ചത്തിന്റെ ദീപശിഖയാണ്. ആ പുണ്ണ്യാത്മാവിന് നിത്യ ശാന്തി നേരുന്നു.

# നിര്യാതനായി

## ശ്രീ.ജി. ബാലസുബ്രഹ്മണ്യം



ജി. ബാലസുബ്രഹ്മണ്യം

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം യൂണിറ്റ് അംഗം (LM 2935) ശ്രീ.ജി. ബാലസുബ്രഹ്മണ്യം അന്തരിച്ച വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കണ്ണീർ പ്രണാമം. **അദ്ദേഹത്തിന്റെ ആത്മാവിന് നിത്യ ശാന്തി നേരുന്നതോടൊപ്പം കുടുംബത്തിന്റെ**

വേദനയിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷൻ **പങ്കുചേരുകയും ചെയ്യുന്നു.**

## ശ്രീമതി.ഏലിക്കുട്ടി ജോൺ നിര്യാതയായി




എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഇടുക്കി ജില്ലാ കേന്ദ്രത്തിലെ ശ്രീ. ജോസ്. പി. ജോണിന്റെ മാതാവ് ശ്രീമതി.ഏലിക്കുട്ടി ജോൺ **അന്തരിച്ച വിവരം ഖേദപൂർവ്വം അറിയിക്കുന്നു.** വിയോഗത്തിൽ ദുഖിതരായ കടുംബാംഗങ്ങളോടൊപ്പം എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്ക് ചേരുന്നു

## നിര്യാതനായി ശ്രീ.മത്തായി ദേവസ്യ

**മത്തായി ദേവസ്യ (96) കുന്നേൽ വീട്, കോഴ, കുറവിലങ്ങാട്** ശ്രീ. ജോസ് മാത്യുവിന്റെ **(sbi, retd )** പാലാ, ഉള്ളനാട് ,പിതാവാണ് പരേതൻ. **സംസ്കാരം കുറവിലങ്ങാട് സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ നടത്തി.** ശ്രീ **ജോസിനും ദുംഖാർത്തരായ കുടുംബാംഗൾക്കും** അനുശോചനം അറിയിക്കുന്നു. ദുഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്ക് ചേരുന്നു



മത്തായി ദേവസ്യ



ജില്ലാ ട്രഷറർ ശ്രീ. തോമസ് ഫിലിപ്പിന്റെ നേതൃത്വത്തിൽ പാല ഏരിയാക്കമ്മറ്റി ഭാരവാഹികൾ ആദരാഞ്ജലികളർപ്പിക്കാനെത്തിയപ്പോൾ.

ശ്രീ. മത്തായി ദേവസ്യയുടെ സ്മരണയ്ക്ക് മുന്നിൽ **എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ആദരാഞ്ജലികൾ!**

## ആദരാഞ്ജലികൾ! ശ്രീ.സി.കെ.സണ്ണി

**എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തൃശ്ശൂർ ജില്ലാ ഘടകം അംഗം ശ്രീ.സി.കെ.സണ്ണി (എൽ.എം.178)അന്തരിച്ചു.**



അദ്ദേഹത്തിന്റെ ആത്മാവിന് നിത്യ ശാന്തി നേരുന്നതോടൊപ്പം കുടുംബത്തിന്റെ വേദനയിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷൻ പങ്കുചേരുകയും ചെയ്യുന്നു.

## ശ്രീമതി.മേരി



കോട്ടയം ജില്ലാ കേന്ദ്രത്തിലെ കാഞ്ഞിരപ്പള്ളി ഏരിയ അംഗം ശ്രീ. ബ്ലസ്സൺ ജേക്കബ്ബ് എബ്രഹാമിന്റെ ഭാര്യ ശ്രീമതി. മേരി (71) നിര്യാതയായ വിവരം വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു. ശ്രീമതി. മേരിയുടെ ആകസ്മിക നിര്യാണത്തിൽ ദുഖിതരായ ബ്ലസ്സൺ ജേക്കബ്ബ് എബ്രഹാമിന്റെയും മറ്റ് കടുംബാംഗങ്ങളുടേയും വേദനയിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്കുചേരുന്നു.


## പത്രാധിപസമിതി

### രക്ഷാധികാരി

ശ്രീ.മാത്യു അടയ്ക്കമുണ്ടക്കൽ

മാനേജിംഗ് എഡിറ്റർ
ശ്രീ.എം.ജി.രാഘവൻ
ചീഫ് എഡിറ്റർ
ശ്രീ.പി.പി.ഫിലിപ്പ്
പത്രാധിപ സമിതി അംഗങ്ങൾ
പി.എം.ജേക്കബ്
സി.പി.മാത്യു
എം.പി.പുഷ്കരൻ
സി.കെ.വിശ്വനാഥൻ നായർ
ഈശോ ചെറിയാൻ
ജോൺ വി. ചെറിയാൻ
ജോസഫ് ജോൺ
ത്രേസ്സ്യാമ്മ ആന്റണി
കെ. കെ.പാപ്പച്ചൻ

**P.S:** ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന എല്ലാ ആശയങ്ങളും അഭിപ്രായങ്ങളും എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല.

ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കേ ക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും. അഭിപ്രായങ്ങൾ ക്ഷണിക്കുന്നു.

ചീഫ് എഡിറ്റർ